പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 784 — 09/11/2016 -ൽ മറുപടിയ്ക്ക്

## ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം. മുകേഷ്<br>,, രാജു എബ്രഹാം<br>,, കെ. കെ. രാമചന്ദ്രൻ നായർ<br>,, ബി.സത്യൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>ബഹു. ഊർജ്ജവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| എ) | ഈ ഉത്സവകാലത്ത് ശബരിമല തീർത്ഥാടനം സുഗമമാക്കാനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണ്; | എ) | ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിന് വിപുലമായ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കുടിവെള്ളലഭ്യത ഉറപ്പു വരുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി 132 കിയോസ്ക്കുകൾ സജ്ജമാക്കിയിട്ടുണ്ട്. തീർത്ഥാടകർക്ക് അടിയന്തിര വൈദ്യസഹായത്തിനായി സന്നിധാനത്തും പമ്പയിലും മറ്റു പ്രധാന കേന്ദ്രങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രി സംവിധാനം ഒരുക്കിയിട്ടുണ്ട്. വിരിവെക്കുന്നതിന് ഇടത്താവളങ്ങളിലും സന്നിധാനത്തും മതിയായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. സന്നിധാനത്തേക്കുള്ള റോഡുകളുടെ പണികൾ പൂർത്തിയായിട്ടുണ്ട്. അനുബന്ധറോഡുകളുടെ പണികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. സുരക്ഷാമുൻകരുതലുകൾ എന്ന നിലയ്ക്ക് ഒരുക്കിയിട്ടുള്ള സി.സി.റ്റി.വി. ക്യാമറകളും മെറ്റൽ ഡിറ്റക്റ്ററുകളും നവംബർ 15 മുതൽ പ്രവർത്തന സജ്ജമാകും. പമ്പയിലും സന്നിധാനത്തും ഫയർ ഓഡിറ്റ് നടത്തിയിട്ടുണ്ട്. രണ്ടു കൺട്രോൾ റൂമുകൾ തുടങ്ങിയിട്ടുണ്ട്. അപ്പം, അരവണ എന്നിവയുടെ നിർവിഘ്ന ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. നെയ്യഭിഷേകത്തിന് പുതിയ നെയ്ത്തോണി സജ്ജീകരിച്ചിട്ടുണ്ട്. ഗതാഗതസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി കെ.എസ്.ആർ.റ്റി.സി. യുടെ പ്രത്യേക സർവ്വീസുകൾ എല്ലാം |

നവംബർ 14 മുതൽ ആരംഭിക്കും. ചെങ്ങന്നൂരിൽ നിന്നും പമ്പ വരെ 'ശബരി' എന്ന പേരിൽ നോൺസ്റ്റോപ്പ് ബസ് സർവ്വീസ് കെ.എസ്.ആർ.റ്റി.സി. ആരംഭിക്കും. പ്രധാന കേന്ദ്രങ്ങളിൽ നിന്നെല്ലാം കെ.എസ്.ആർ.റ്റി. സി. പ്രത്യേക സർവ്വീസുകൾ നടത്തുന്നതാണ്. ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും ഉൾപ്പെടെയുള്ള താൽക്കാലിക ഡിസ്പെൻസറികൾ നവംബർ 1 മുതൽ സജ്ജമാക്കിക്കഴിഞ്ഞു.

| | | | |
|---|---|---|---|
| ബി) | ശബരിമലയിൽ കുപ്പിവെള്ള നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ദാഹജലം ആവശ്യാനുസരണം നൽകാനായി ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | ബി) | ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശബരിമലയിലും പമ്പയിലും കുപ്പിവെള്ളം നിരോധിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ ആവശ്യാനുസരണം കുടിവെള്ള കിയോസ്ക്കുകളും സ്ഥാപിച്ചിട്ടുണ്ട്. |
| സി) | തിരക്ക് ക്രമീകരിക്കാനും മലിനീകരണം ഇല്ലാതാക്കാനുമായി എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി) | ശബരിമലയിൽ നിലവിലുള്ള ക്യൂ-കോംപ്ലക്സ് സംവിധാനം പോലീസിന്റെ നിയന്ത്രണത്തോടെ കൂടുതൽ ശക്തമാക്കി തിരക്ക് ക്രമീകരിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. പമ്പയിൽ 5 എം.എൽ.ഡി. ശേഷിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തീരുമാനം ശബരിമല ഉന്നതാധികാര സമിതി എടുത്തിട്ടുണ്ട്. സന്നിധാനത്തും 5 എം.എൽ.ഡി. ശേഷിയുള്ള മാലിന്യനിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ